ADFW/4208/2021-TM2

കാർഷിക കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം തിരുവനന്തപുരം
03.08.2021

## സർക്കുലർ

വിഷയം : കാർഷിക വിപണി ശക്തിപെടുത്തൽ വിപണി ഇടപെടൽ – ഓണം പഴം പച്ചക്കറി വിപണി സംഘടിപ്പിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സംബന്ധിച്ച്

സൂചന : ADFW/4208/2021-TM2 തീയതി 23.07.2021

സൂചന പ്രകാരം ഓണ വിപണിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടായിരുന്നു. ഇതിനു പുറമെ താഴെ പറയുന്ന നിർദേശങ്ങൾ കൂടി ഉൾപ്പെടുത്തി വിപണികൾ നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.ഓണ വിപണിയുടെ നടത്തിപ്പിനായി വിപണി ഒന്നിന് 65000 രൂപ നൽകുന്നതും ഇതിൽ സ്റ്റാളുകളുടെ അടിസ്ഥാന സൗകര്യം, കയറ്റിറക്ക് കൂലി, ആവശ്യമായ തൊഴിലാളികളെ ഏർപ്പെടുത്തുന്നതിനടക്കമുള്ള കാര്യങ്ങൾക്ക് പരമാവധി 15000 രൂപ വരെയും (നിലവിൽ അടിസ്ഥാന സൗകര്യമുള്ള സ്ഥലങ്ങളിൽ ഇതിനായി തുക വീണ്ടും ഉപയോഗിക്കരുത്) ബാക്കി തുക പഴം, പച്ചക്കറി സംഭരണത്തിനും ഇതിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

2.ജില്ലാ തലത്തിൽ DDA (Credit), അക്കൗണ്ട്സ് ഓഫീസർ എന്നിവർ അടങ്ങുന്ന ഒരു മോണിറ്ററിംഗ് സെൽ പ്രവർത്തിക്കേണ്ടതും, ഈ മോണിറ്ററിംഗ് സെൽ സ്ക്വാഡ് രൂപികരിച്ച് ജില്ലയിൽ ഉടനീളമുള്ള കർഷക ചന്തകളിൽ നടക്കുന്ന സംഭരണവും വിതരണവും കൂടാതെ പൊതു വിപണിയിലെ വിലനിലവാരം താരതമ്യം നടത്തലും ചെയ്യേണ്ടതാണ്. ജില്ലയിലെ 25 ശതമാനം ചന്തകളിലെങ്കിലും സന്ദർശനം നടക്കേണ്ടതും പ്രവർത്തനം വിലയിരുത്തി അതാത് ദിവസം സംസ്ഥാന തല മോണിറ്ററിംഗ് സെല്ലിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

3.സംസ്ഥാന തലത്തിൽ സീനിയർ ഫിനാൻസ് ഓഫീസർ കർഷക ചന്ത നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ജില്ലാ തലത്തിൽ രൂപീകരിക്കുന്ന മോണിറ്ററിംഗ് സെല്ലിൽ നിന്നുള്ള റിപോർട്ടുകൾ ക്രോഡീകരിച്ച് മേലധികാരിക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

4.കർഷക ചന്തയിൽ വിൽക്കുന്ന എല്ലാ ഉത്പന്നങ്ങൾക്കും ഒറിജിനൽ ബിൽ നൽകേണ്ടതും ആയത് ബന്ധപ്പെട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

5. ഒരു കൃഷി ഓഫീസിന് കീഴിൽ അധികമായി വരുന്ന ഓണച്ചന്തയുടെ ചുമതല അസിസ്റ്റന്റ് കൃഷി ഓഫീസർ അല്ലെങ്കിൽ സീനിയർ കൃഷി അസ്സിസ്റ്റന്റിന് നൽകേണ്ടതാണ്.

6. കോവിഡ് – 19 ന്റെ പശ്ചാത്തലത്തിൽ ഏതെങ്കിലും ഒരു പ്രദേശം കർഷക ചന്തയ്ക്കായി തിരഞ്ഞെടുത്ത് വിപണനം ആരംഭിച്ച ശേഷം കണ്ടെയ്ൻമെന്റായി പ്രഖ്യാപിക്കപ്പെടുകയോ ആരോഗ്യവകുപ്പിന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ നിയന്ത്രണം ഏർപ്പെടുത്തുകയോ ചെയ്താൽ പ്രസ്തുത വിവരം ഉടൻ തന്നെ മേൽ അധികാരികളെ അറിയിക്കേണ്ടതും അതിനനുസരിച്ച് ഉത്പന്നങ്ങളുടെ സ്റ്റോക്ക് ക്രമീകരിക്കേണ്ടതുമാണ്.

7. കൃഷി ഭവൻ / ബ്ലോക്ക് / ജില്ലാ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ പച്ചക്കറി ഓണവിപണികൾക്കായി നൽകുന്ന കർഷകനു അനുമോദന പത്രം നൽകുന്നതാണ്. ഇതിനു അർഹരാകുന്ന കർഷകരുടെ വിവരങ്ങൾ ജില്ലാ തലത്തിൽ ക്രോഡീകരിക്കേണ്ടതാണ്.

ഡയറക്ടർ
കാർഷിക കർഷക ക്ഷേമ വകുപ്പ്

പകർപ്പ്:

1. എല്ലാ കൃഷി അഡീഷണൽ ഡയറക്ടര്‍മാര്‍ക്കും.
2. സീനിയർ ഫിനാൻസ് ഓഫീസർ കൃഷി ഡയറക്ടറേറ്റ്
2. എല്ലാ പ്രിന്സിപ്പൽ കൃഷി ഓഫീസര്‍മാര്‍ക്കും
3.പ്രിന്സിപ്പൽ ഇന്ഫര്‍മേഷന് ഓഫീസര്, ഫാം ഇന്ഫര്‍മേഷന് ബ്യൂറോ.
4.മാനേജിംഗ് ഡയറക്ടര്, ഹോര്ട്ടികോര്പ്പ്.
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസര്, വി.എഫ്.പി.സി.കെ.
6.കൃഷി ഡയറക്ടറുടെ റ്റി.എ.യ്ക്ക്
7.വെജിറ്റബിള് സെല്, പ്ലാനിംഗ് സെക്ഷന്
8.ഐ.റ്റി സെൽ - വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
9.സ്റ്റോക്ക് ഫയൽ / സ്പെയര്